# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5217

23.05.2017 - ൽ
മറുപടിക്ക്

## വിത്ത് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കടുത്ത വരൾച്ച മൂലം സംസ്ഥാന വിത്ത് അതോറിറ്റിയിലും കാർഷിക സർവകലാശാലയിലും വിത്ത് ഫാമുകളിലും വിത്തിന്റെ ലഭ്യത കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ കർഷകർക്ക് സമയബന്ധിതമായി വിത്ത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന 1200 മെട്രിക് ടൺ നെൽവിത്ത് കർഷകർക്ക് ഒന്നാംവിള കൃഷിയിറക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും 1380 ടൺ വിത്ത് കൂടി കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ വിത്ത് വികസന അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളിൽ ലഭ്യമായ വിത്ത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി ഇതിനുള്ള അറിയിപ്പ് നൽകുന്നതിനും കാർഷിക സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ നാഷണൽ സീഡ് കോർപ്പറേഷനുമായി ഉണ്ടാക്കിയ കരാർപ്രകാരം ആവശ്യമായ വിത്തുവിതരണത്തിന് സംവിധാനമുണ്ടാക്കിയിട്ടുണ്ട്. |
| സി) സർക്കാർ സ്ഥാപനങ്ങളിൽ വിത്ത് ലഭ്യതയുടെ അഭാവത്തിൽ കർഷകർ സഹകരണ സ്ഥാപങ്ങൾ മുഖേനയും മറ്റ് ഏജൻസികളിൽ നിന്നും വിത്ത് വാങ്ങിയാൽ അതിന് സർക്കാർ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; | സി) കർഷകർ ഉപയോഗിക്കുന്ന വിത്തിന് നിലവിലെ പദ്ധതി പ്രകാരമുള്ള ഏത് ഏജൻസിയുടേത് എന്ന് നോക്കാതെ സബ്സിഡി ലഭ്യമാണ്. |
| ഡി) പാലക്കാട് ജില്ലയിൽ ഒന്നാം വിളയിറക്കേണ്ട സമയമെത്തിയ സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ? | ഡി) പാലക്കാട് ജില്ലാ കൃഷി ആഫീസറുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ 28/04/2017-ൽ യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ